# ആമുഖം

പൊതു വിദ്യാഭ്യാസം അതിന്റെ വളർച്ചയുടെ നിരവധി പടവുകൾ പിന്നിട്ടു കഴിഞ്ഞുപോയെങ്കിലും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ആഗ്രഹിച്ച രീതിയിൽ കൈവരിക്കാൻ നമുക്കായിട്ടില്ല. ഈ അനുഭവം ഉൾക്കൊണ്ട് കൂടുതൽ മികച്ച പ്രവർത്തനങ്ങൾ നടത്താനായി 11-ാം പഞ്ചവത്സര പദ്ധതി പ്രകാരം ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി കേരളഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, ഹയർസെക്കന്ററി ഡയറക്ടറേറ്റ്, സർവ്വശിക്ഷാ അഭിയാൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന ഒരു നൂതന വിദ്യാഭ്യാസ പദ്ധതിയാണ്. ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യഭ്യാസം എന്ന സങ്കല്പം

തൃശ്ശൂർ ജില്ലയുടെ പടിഞ്ഞാറുഭാഗത്ത് മെഡിക്കൽ കോളേജിനോട് ചേർന്ന് അവണൂർ പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് 5-ാം വാർഡിലാണ് വെളപ്പായ ശ്രീ ധർമ്മ സംഘം ലോവർ പ്രൈമറി സ്കൂൾ സ്ഥിതി ചെയ്യുന്നത്. അവണൂർ, മണ്ണിത്തറ, വെളപ്പായ, അലക്കുപുര, ആക്കോടിക്കാവ്, കോഴിക്കുന്ന, മുളങ്കുന്നത്തുകാവ് എന്നീ സ്ഥലങ്ങളിൽ നിന്നും വാഹനങ്ങളിലും കാൽനടയായും കുട്ടികൾ എത്തുന്നു.

1927-ൽ ശ്രീ ശങ്കരൻ കുഴിപ്പറമ്പിൽ അദ്ദേഹത്തിന്റെ കുടുംബസ്വത്തായ 60 സെന്റ് സ്ഥലത്ത് ശ്രീധർമ്മ സംഘം ലോവർ പ്രൈമറി സ്കൂൾ സ്ഥാപിച്ചു. 1929-ൽ അംഗീകീരം ലഭിക്കുകയും ചെയ്തു. പ്രഥമ പ്രധാന അധ്യാപകൻ, ശ്രീ കൃഷ്ണൻ കുട്ടി മേനോൻ ആയിരുന്നു. സ്കൂൾ സ്ഥാപകനായ ശങ്കരന്റെ മകളായ ശ്രീമതി ഡോ: കെ. എസ് സുനീതിയാണ് ഇപ്പോഴത്തെ മാനേജർ സമൂഹത്തിൽ ഉന്നത പദവി അലങ്കരിക്കുന്ന പ്രമുഖർ, പി.റ്റി.എ, എസ്. എസ്.ജി., എസ്.ആർ.ജി, ഒ.എസ്.എ, എസ്,ഡി.സി, ഒ.ടി.എ എന്നീ സംഘടനകളുടെ ഇടപെടലുകൾ കൂടുതൽ ഉണ്ടായികൊണ്ടിരിക്കുന്നു

ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന കാഴ്ചപ്പാടോടുകൂടി ജാതി വർഗ്ഗവർണ്ണ വിവേചമനമില്ലാതെ ഏവർക്കും അധ്യയനം നടത്താനുള്ള സ്ഥാപനമായി ഇത് സ്ഥിതിചെയ്യുന്നു. ശ്രീ നാരായണ ഗുരുവിന്റെ സന്ദേശം അന്വർഥമാക്കുന്ന വിധത്തിലാണ് സ്കൂളിന്റെ പേരും നിലകൊള്ളുന്നത്.

# ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അവർപഠിക്കുന്ന ക്ലാസിനനുസരിച്ചും, നിലവാരമനുസരിച്ചും, ഭാഷയിലെ ഉയർന്നശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.
2. 5 വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്തു വരുന്ന മുഴുവൻ കുട്ടികളും മലയാളം ഇംഗ്ലീഷ് എന്നീ രണ്ട് ഭാഷകൾ അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കും.
3. സ്ക്കൂൾ പഠനം പൂർത്തിയാക്കുമ്പോഴേയ്ക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതകുന്നവിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കും.
4. 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടേയുംപം അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായിനടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്ക്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കും .
5. ഓരോ കുട്ടികളുടേയും തന്റെ ആവശ്യങ്ങൾ, താത്പര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞു എഴുതിയും പ്രകടിപ്പിക്കുന്നതിനും പ്രാപ്തരാക്കും.
6. എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പ് വരുത്തും.
7. വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കും.
8. ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം എന്നിവ സമയ ബന്ധിതമായി പൂർത്തിയാക്കും
9. കുട്ടികളുടെ സർഗ്ഗാത്മക രചനകളുടെ പ്രകാശനത്തിനുള്ള അവസരം ഒരുക്കും.
10. സ്കൂളിനുവേണ്ടി ഒരു ബ്ലോഗ് ആരംഭിക്കും. അതിന് നല്ലൊരു പേര് നൽകുന്നു.

**അധ്യാപകൻ തയ്യാറാകൽ**

1. എല്ലാ കുട്ടികൾക്കും പ്രതിഭയുണ്ടെന്ന് കണ്ടെത്തി അംഗീകരിക്കൽ
2. നിരുത്സാഹപ്പെടുത്താതെ പ്രോത്സാഹിപ്പിക്കൽ
3. കുട്ടികളെ അഭിനന്ദിക്കൽ, അംഗീകരിക്കൽ
4. കുട്ടികളോട് സൗഹൃദമായി ഇടപ്പെഴകൽ, ഹൃദ്യമായി സംസാരിക്കൽ
5. ഓരോ കുട്ടിയും ഓരോ യൂണിറ്റാണെന്ന ധാരണയിൽ പ്രവർത്തിക്കൽ
6. ക്ലാസ്സിലും പുറത്തും ലഭിക്കുന്ന അവസരങ്ങളിൽ കുട്ടികളെ ആഴത്തിലറിയാൻ ശ്രമിക്കൽ

**ദിനാചരണങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ**

1. കുട്ടികളുടെ നേതൃത്വത്തിൽ നടത്തുന്നവ
2. സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട് നടത്തൽ
3. കുട്ടികളുടെ പങ്കാളിത്തവും അഭിപ്രായവും അടിസ്ഥാനമാക്കി വൈവിധ്യമുണ്ടാക്കൽ
4. വിമർശനാത്മക അവതരണങ്ങൾ പ്രോത്സാഹിപ്പിക്കൽ
5. ഭാവി ജീവിത പ്രയോഗം പ്രോത്സാഹിപ്പിക്കുന്നു
6. മികച്ച മാതൃക കിട്ടുന്ന അവതരണങ്ങൾ ഉൾപ്പെടുത്തുന്നു.
7. എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു.

**പുതിയ സംവിധാനങ്ങൾ രൂപപ്പെടുത്തൽ**

1. തുറന്ന വേദി
2. മൾട്ടി മീഡിയ ഹാൾ
3. ആയോധനകലകൾ ഉൾപ്പെടെ അഭ്യസിക്കുന്നതിനുള്ള ഇടം
4. കായിക വിനോദങ്ങൾ
5. ആർട്ട് ഗാലറി, മ്യൂസിയം
6. കുട്ടികളുടെ മികവുകൾ, രചനകൾ, സൃഷ്ടികൾ പ്രദർശിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള ഇടം
7. പ്രവൃത്തി പഠനോപകരണങ്ങളും സാമഗ്രികളും
8. വിവിധ കലകളുടെ ഓഡിയോ വീഡിയോ ശേഖരം
9. പ്രാദേശിക വിദഗ്ധരുടെ കൂട്ടായ്മ
10. പ്രാദേശിക സാമൂഹ്യസ്ഥാപനങ്ങളുമായി ചേർന്നുള്ള വേദികൾ

# സർഗ്ഗവേദി, സാഹിത്യ സമാജം, സ്കൂൾ പത്രം, സ്കൂൾ റേഡിയോ

1. നിശ്ചിത ഇടവേളകളിൽ ചിട്ടയോടെ നടത്തും
2. കുട്ടികളുടെ സ്വതന്ത്ര അഭിപ്രായ/പ്രതികരണം/ നിർഭയമായ രചനയും ആവിഷ്ക്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നു
3. സമകാലിക സംഭവങ്ങളും പ്രശ്നങ്ങളും അടിസ്ഥാനമാക്കിയുള്ള അവതരണങ്ങൾക്കിടമൊരുക്കൽ
4. മികവുകൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നു

പ്രയോഗ സാധ്യതകൾ

1. ശനിയാഴ്ച്ചകളിൽ അവതരിപ്പിക്കുന്നു.
2. സാംസ്ക്കാരിക സായാഹ്നങ്ങൾ
3. പ്രദേശിക വിദഗ്ധരെ പങ്കെടുപ്പിച്ച് ശിൽപശാലകൾ നടത്തുന്നു
4. പ്രാദേശിക തൊഴിൽ പരിശീലന കളരി
5. നാടക കളരി
6. സാംസ്ക്കാരിക സാഹിത്യ ക്ലാസ്സുകൾ
7. നാടൻ കളി പരിശീലനം
8. കായിക മത്സരങ്ങൾ
9. അവതരണ കോർണറുകൾ
10. സാമൂഹ്യ പ്രയോജനമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണ ശിൽപ ശാലകൾ
11. ഭിന്ന ശേഷിക്കാർക്കുള്ള സൗകര്യങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തൽ
12. വായനാ മൂല തയ്യാറാക്കൽ, ഒതുക്കൽ
13. കുട്ടികളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കാനുള്ള സൗകര്യം എല്ലാ ക്ലാസ്സിലും ഒരുക്കൽ
14. ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കലും നിർമ്മിക്കലും വാങ്ങിവയ്ക്കലും

# പോഷകാഹാര വിതരണം - ഊട്ടുപുര

1. കാറ്റും വെളിച്ചവും, കടക്കുന്ന വൃത്തിയുള്ള അടുക്കള

2. ബയോഗ്യാസ് പ്ലാന്റ്

3. മിക്സി, കുക്കർ, പൈപ്പ് കണക്ഷൻ തുടങ്ങി ആധുനിക സൗകര്യങ്ങൾ

4. പാചക വൃത്തി പരിശീലനം ലഭിച്ച പാചക തൊഴിലാളികൾ മേൽകുപ്പായവും, തൊപ്പിയും മറ്റു ശുചിത്വ സാമഗ്രികളും ഉണ്ട്

5. കുട്ടികൾക്ക് ഒരേ സമയം ഭക്ഷണം കഴിക്കാനുള്ള വൃത്തിയും ആകർഷകവുമായ സൗകര്യം

6. ഗ്ലാസ്സുകളും പ്ലേയ്റ്റുകളും എന്നും തിളപ്പിച്ചവെള്ളത്തിൽ കഴുകുന്നതിനുള്ള സൗകര്യം

7. എല്ലാ കുട്ടികൾക്കും തിളപ്പിച്ച വെള്ളം നൽകാനുള്ള സംവിധാനം

8. പ്രസിദ്ധീകരിച്ച മെനു

9. ആധുനിക സൗകര്യങ്ങളുള്ള സ്റ്റോർമുറി

10. ഉച്ച ഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ വിദ്യാലയ തോട്ടത്തിൽ നിന്ന്

11. പ്രാതൽ ഭക്ഷണ സൗകര്യം ഒരുക്കിയിട്ടുണ്ട്

2. പോഷകാഹാരത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ എടുത്ത് നൽകാൻ കഴിയുന്ന വരെ കണ്ടെത്തി പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.

1. പൊതു ആഘോഷങ്ങളുടെ ഭാഗമായി സ്കൂൾ തലത്തിൽ വിപുലമായ പങ്കാളിത്തത്തോടെ ഭക്ഷണ വിതരണം നടത്തുവാൻആവശ്യമായ ആളുകളെ കണ്ടെത്തും

. കുട്ടികൾക്ക്ആവശ്യമായ പാത്രങ്ങൾ,മെസ്സ് ഹാൾ ഉറപ്പാക്കും

# മേഖല - അക്കാദമികം

## ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ് നടത്തുന്നു. (2.6.18) പിന്നോക്കക്കാരെ കണ്ടെത്തുന്നു. | 1 മാസം | അധ്യാപകർ | 500 |
| ചിത്രങ്ങളിലൂടെ ലിപികൾ തിരിച്ചറിയൽ | അക്ഷരം ഉറപ്പിക്കൽ ചിത്രങ്ങളിലൂടെ മലയാളഅക്ഷരങ്ങൾ ഉറപ്പിക്കുന്നു. | | BRC, DIET അധ്യാപകർ | |
| ചിത്രസഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ | അടയാളങ്ങൾ ഉറപ്പിക്കൽ ചിത്ര സഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നു. | 2 മാസം (ആഗസ്റ്റ് - സെപ്തംബർ) | PTA | 1000 |
| എല്ലാവർക്കും എഴുത്തും വായനയും | അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ് അക്ഷരക്കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ. | ഒക്ടോബർ | അധ്യാപകർ | |
| ചിത്രം നോക്കി അടിക്കുറിപ്പ് പറയൽ, എഴുതൽ | ചിത്രം - അടിക്കുറിപ്പ് ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ | നവംബർ | SRG | |
| കഥയുടെ ബാക്കി പറയൽ, എഴുതൽ | കഥ-ബാക്കി പറയൽ - എഴുതൽ ഒരു കഥയുടെ കുറച്ചു ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു. | ഡിസംബർ | PTA | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കഥാപുസ്തകം വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ | കഥാപുസ്തകം - നൽകൽ<br>വായന, കുറിപ്പ് തയ്യാറാക്കൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>സി.ഡി. പ്രദർശനം<br>ചിത്രങ്ങൾ അടങ്ങിയ സി.ഡി. പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം | 3 മാസം (ജനുവരി, ഫെബ്രുവരി, മാർച്ച്) | അധ്യാപകർ<br>BRC, DIET അധ്യാപകർ | 1000 |
| ഭിന്നശേഷിക്കാരെ പരിപോഷിപ്പിക്കൽ | ഭിന്നശേഷിക്കാരെ പരിഗണിക്കൽ. ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് ഐ.ഇ.ഡി. അധ്യാപകരുടെ സേവനം | | SRG<br>IED<br>അധ്യാപകർ | 1000 |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പാക്കുന്നു.<br>എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം.<br>(പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച.<br>വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം | 6 മാസം (ജൂൺ - നവംബർ) | PTA<br>SRG<br>BRC<br>അധ്യാപകർ | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി | ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br><br>കുട്ടികളുടെ സഹായത്തോടെ എൽ.പി. വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം | ജൂൺ | അധ്യാപകർ<br><br>BRC | 1000 |
| സ്കൂൾ ലൈബ്രറി നവീകരിക്കൽ | സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തക വിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെ ക്രമീകരണം, ബർത്ത് ഡേ പുസ്തകശേഖരണം | ജൂലായ് | PTA<br>SRG | 5000 |
| | സമീപ ഗ്രന്ഥശാല അംഗത്വം, ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം. | ആഗസ്റ്റ് | PTA<br>അധ്യാപകർ | 500 |
| വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ | വായനോത്സവം സംഘടിപ്പിക്കൽ<br><br>കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, | സെപ്തംബർ | BRC<br>PTA<br>SRG | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം (പാഠഭാഗവുമായി ബന്ധപ്പെട്ട് നാടകാവതരണം) | രണ്ടാഴ്ചയിലൊരിക്കൽ | അധ്യാപകർ<br>PTA<br>BRC | 500 |
| വായിച്ച കൃതികളിലെ ആശയത്തെ നാടകമായി ആവിഷ്ക്കരിക്കൽ | | | | |
| | പത്ര വായന | | | |
| പത്രവാർത്ത തയ്യാറാക്കൽ | വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ - വായന - എഴുത്ത്. പത്രം തയ്യാറാക്കൽ പാഠഭാഗവുമായി ബന്ധപ്പെട്ട്) | എല്ലാദിവസവും അസംബ്ലിയിൽ | അധ്യാപകർ<br>PTA | 500 |
| | | ആഴ്ചയിൽ ഒരു ദിവസം | | |
| അമ്മ വായന | അമ്മ വായന | | PTA | |
| | സ്കൂൾ ലൈബ്രറിയിൽനിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം | | അധ്യാപകർ | 500 |
| വായനാക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ | | ആഴ്ചയിൽ ഒരു ദിവസം | | |
| | വായനാമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം | | മാതൃസംഘം | |
| | അമ്മ - സാഹിത്യസമാജം രൂപീകരിക്കൽ - ശിൽപ്പശാല | അസംബ്ലിയിൽ അവതരണം | PTA | |
| | | | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാനുഭവം പങ്കുവയ്ക്കൽ, പുസ്തകം വായിച്ച് സന്ദേശം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ | പുസ്തക ചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ<br><br>വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്ര നിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ | മാസത്തിൽ ഒരു ദിവസം | അധ്യാപകർ<br>PTA<br>BRC<br>SRG | 500 |
| വായനാക്കുറിപ്പ് - പതിപ്പ് പ്രകാശനം ചെയ്യൽ | വായനാക്കുറിപ്പ്<br><br>ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം | രണ്ടാഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | 200 |
| | വിദ്യാരംഗം - കലാസാഹിത്യ വേദി പ്രവർത്തനം<br><br>വായന, എഴുത്ത് മെച്ചപ്പെടുത്താൻവേണ്ട പ്രവർത്തനങ്ങൾ, ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ - സാഹിത്യകാരന്മാരെ ക്ഷണിക്കൽ | മാസത്തിൽ ഒരു ദിവസം | BRC<br>അധ്യാപകർ<br>PTA<br>SRG | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസഭ രൂപീകരിക്കൽ, സൃഷ്ടികൾ പരിചയപ്പെടുത്തൽ<br><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക | ക്ലാസ്സ്, സ്കൂൾ ബാലസഭകൾ, ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ,, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ, പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം. | മാസത്തിൽ ഒരു ദിവസം | അധ്യാപകർ<br>PTA<br>OSA<br>SRG | 1000 |
| ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം നേടുക | ദിനാചരണങ്ങൾ<br><br>വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു. | അതാതു ദിവസങ്ങളിൽ | അധ്യാപകർ<br>PTA | 1000 |
| | ആകാശവാണി ക്ലബ്ബ്<br><br>കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസുകാരെ കണ്ടെത്തൽ, പ്രോത്സാഹനം. | മാസത്തിൽ ഒരു ദിവസം | PTA<br>അധ്യാപകർ | 1000 |
| | ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുന്നു. | നിരന്തരമായി നടക്കുന്നു | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ | സാഹിത്യകാരനമാരുമായുള്ള സംവാദം, അഭിമുഖം. സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാതന്ത്രങ്ങളറിയാൻ, കഥ, കവിത, രൂപീകരണം മനസ്സിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം. | മാസത്തിൽ ഒരു ദിവസം | BRC<br>PTA<br>SRG | 500 |
| | ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും. ക്ലാസ്മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ. | നിരന്തരമായി നടക്കുന്നു | അധ്യാപകർ | 500 |
| വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക | വായനാസാമഗ്രികൾ വികസിപ്പിക്കൽ, എൽ.പി. കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശിൽപ്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ. | മാസത്തിൽ ഒരു ദിവസം | PTA<br>OSA<br>അധ്യാപകർ | 1000 |
| ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ | ഇ-വായന-സാധ്യത കണ്ടെത്തൽ. വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽനിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം, വിവിധ കൃതികൾ, കവിതകൾ എന്നിവ വീഡിയോ കാണൽ. | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ<br>PTA<br>BRC | 2000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | കാവ്യക്കൂട്ടം<br>കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യക്കൂട്ടം സംഘടിപ്പിക്കുന്നു. | മാസത്തിൽ ഒരു ദിവസം | BRC<br>അധ്യാപകർ | 1000 |
| | എഴുത്തുകൂട്ട രൂപീകരണം<br>കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് എത് സാഹിത്യവിഭാഗത്തിൽ ചർച്ച, മോണിറ്ററിംഗ് എന്നിവ നടത്തുന്നു. | നിരന്തരമായി നടത്തുന്നു | BRC<br>അധ്യാപകർ | 500 |
| ആസ്വാദന തയ്യാറാക്കൽ, വായിച്ച് അഭിപ്രായം രേഖപ്പെടുത്തൽ, വിലയിരുത്തൽ | സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും, വിലയിരുത്തൽക്കുറിപ്പും വീണ്ടും പ്രയാണം. | നിരന്തരമായി നടത്തുന്നു | അധ്യാപകർ | 500 |
| | വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ, മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യസൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലൂള്ള [illegible]ക്തികളുടെ ആഗമനം, സംവാ[illegible], അഭിമത്വം | ആഴ്ചയിൽ ഒരു ദിവസം | BRC<br>SRG<br>OSA | 1500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇൻലന്റ്, മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക | ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് സർഗശേഷി പരിപോഷിപ്പിക്കൽ, ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പുകൾ തയ്യാറാക്കൽ പ്രകാശനം. | ആഴ്ചയിൽ ഒരു ദിവസം | BRC<br>അധ്യാപകർ<br>PTA | 1500 |
| | വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് - പ്രകാശനം | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | 1000 |
| എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക | പൊതുവേദിയിലെ പ്രകടനങ്ങൾ, കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. | ആഴ്ചയിൽ ഒരു ദിവസം | OSA<br>PTA<br>BRC | 500 |
| | വ്യക്തിഗത രചന, സംഘരചന<br><br>കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. | നിരന്തരം<br><br>മാസത്തിൽ ഒരു ദിവസം | അധ്യാപകർ<br>BRC | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപ്രോജക്ടുകൾ തയ്യാറാക്കൽ | വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ<br><br>ഭാഷാ പ്രോജക്ടുകൾ<br><br>ഭാഷയെ കൂടുതൽ മനസ്സിലാക്കാനും, ആഴത്തിലുള്ള വായനയ്ക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്) | മാസത്തിൽ ഒരു ദിവസം | അധ്യാപകർ<br>BRC | 500 |
| രചയിതാക്കളെ പരിചയപ്പെടൽ | രചയിതാക്കളെ പരിചയപ്പെടൽ അസംബ്ലിയിൽ ഒരു ഇനമാകണം, കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ, കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം, രചയിതാക്കളുടെ ജനനമരണ ദിനാചരണവുമായി ബന്ധപ്പെടുത്തി<br><br>(പ്രതിമാസം)<br><br>ജൂലായ് - ബഷീർ<br><br>ആഗസ്റ്റ് - എസ്.കെ.പൊറ്റെക്കാട് | ആഴ്ചയിൽ ഒരു ദിവസം | PTA<br>BRC<br>അധ്യാപകർ<br>SRG | 1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വായനാക്കൂട്ടം, എഴുത്തുകൂട്ടം - മോണിറ്ററിംഗ് അധ്യാപകർ, കുട്ടിപ്രതിനിധി, രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ, BRC, DIET അധ്യാപകർ, സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം | മാസത്തിൽ ഒരു ദിവസം | BRC<br>DIET<br>അധ്യാപകർ<br>സ്കൂളിലെ അധ്യാപകർ | 1000 |
| ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ നൽകി, പരിപോഷിപ്പിക്കൽ | ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ BRC, IED അധ്യാപകർ എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, പ്രഗത്ഭരുടെ സേവനം. | ആഴ്ചയിൽ 2 ദിവസം | BRC<br>IED<br>അധ്യാപകർ | 1500 |
| സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി പ്രദർശനം | സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി, സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹദ്വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ | മാസത്തിൽ ഒരു ദിവസം | OSA<br>PTA<br>BRC<br>അധ്യാപകർ | 2000 |

# മേഖല - അക്കാദമികം

## ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എണ്ണൽ സംഖ്യകളെ വ്യാഖ്യാനിക്കാനും ക്രിയ ചെയ്യാനും അവ ഉപയോഗപ്പെടുത്തി പ്രശ്ന പരിഹരണം നടത്താനും കഴിയണം (1 - 100000) | ◆ വലുത്, ചെറുത് കണ്ടെത്തൽ<br>◆ കൂട്ടങ്ങളാക്കൽ<br>◆ താരതമ്യം ചെയ്യൽ<br>◆ സംഖ്യാഗാനങ്ങൾ<br>◆ അബാക്കസിൽ സംഖ്യകൾ ക്രമീകരിക്കൽ<br>◆ സംഖ്യാകേളികളിൽ ഏർപ്പെടൽ (സംഖ്യാ റിബൺ, പാമ്പും കോണിയും, ഡൈസുകളി)<br>◆ ചങ്ങല പൂർത്തിയാക്കൽ<br>◆ സംഖ്യാപടി<br>◆ ഗോലികളി<br>◆ ആഹാകളി<br>◆ സംഖ്യാ റെയ്സ്<br>◆ ചില്ലറ മാറ്റൽ<br>◆ ബാങ്ക് കളി<br>◆ സംഖ്യാ വ്യാഖ്യാനം<br>◆ പദസൂരി നിർമ്മാണം | 4 വർഷം | അധ്യാപകർ<br>SRG<br>PTA | 2000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാ പാറ്റേണുകൾ, സംഖ്യാ പ്രത്യേകതകൾ, എണ്ണൽ വിദ്യകൾ എന്നിവയുടെ അടിസ്ഥാന ധാരണ | ക്വിസ് മത്സരങ്ങൾ<br>പസിലുകൾ<br>സംഖ്യാ പാറ്റേണുകൾ<br>മാന്ത്രിക ചതുരങ്ങൾ<br>കുസൃതി കണക്കുകൾ | 2 ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ<br>SRG<br>PTA | 1000 |
| ചതുരം, ത്രികോണം, വൃത്തം എന്നീ രൂപങ്ങൾ തിരിച്ചറിയൽ | ഇവ കണ്ടെത്തലും അവതരണവും<br>ഗണിത ക്ലബ്ബ് ഒത്തുചേരൽ<br>ജ്യാമിതീയ രൂപങ്ങൾ വരയ്ക്കലും നിർമ്മാണവും<br>ജിഗ്സോ പസിൽ<br>ടാൻഗ്രം രൂപങ്ങൾ നിർമ്മിക്കൽ<br>കമ്പുകൾ കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>കടലാസുകൊണ്ട് വിവിധ വസ്തുക്കൾ നിർമ്മിക്കൽ<br>രൂപങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കൽ<br>ഗണിത ശാസ്ത്രമേള | മാസത്തിൽ ഒരിക്കൽ | അധ്യാപകർ<br>BRC | 2000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധതരം അളവുകളുമായി ബന്ധപ്പെട്ട അറിവുകൾ നേടൽ<br>ഭിന്നസംഖ്യ പരിചയപ്പെടൽ | നിർമ്മാണ പ്രവർത്തനങ്ങൾ (മീറ്റർ സ്കെയിൽ, കളിത്രാസ്, നാണയങ്ങൾ, നോട്ടുകൾ, ക്ലോക്ക്, കലണ്ടർ, ലിറ്റർ പാത്രങ്ങൾ) | പഠനപ്രവർത്തനങ്ങൾക്കൊപ്പം | അധ്യാപകർ | 2000 |
| | കമ്പ്യൂട്ടർ പ്രവർത്തനങ്ങൾ | | | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>ഗണിതാസ്വാദനപഠനം | ഗണിതലാബ് പ്രയോജനപ്പെടുത്തൽ | ജനുവരി | | |
| | മെട്രിക്മേള സംഘടിപ്പിക്കൽ | | അധ്യാപകർ | |
| | ചുമർ മാസിക പ്രകാശനം | | OSA | |
| | ഫ്രാഷൻ ഡിസ്ക് പ്രവർത്തനങ്ങൾ | | PTA | |
| | വിവിധ സംഖ്യാകേളികൾ (ഡൈസുകളി, സംഖ്യാകാർഡുകളി, ഠോ കളി, റിലേ മത്സരം, പാറ്റേൺ കാർഡുകളി, തീപ്പെട്ടി വണ്ടി, അക്കച്ചിലന്തി, സംഖ്യാപടി, പാമ്പും കോണിയും) | മാസത്തിൽ ഒരിക്കൽ | | |
| | ഗണിത പ്രതിഭകളെ പരിചയപ്പെടൽ | | അധ്യാപകർ<br>BRC | |
| | ഗണിതശാസ്ത്ര ആൽബം | ഒരു വർഷം | PTA | 1000 |
| | ഗണിതലാബ് പ്രയോജനപ്പെടുത്തൽ | | | |
| | ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ | ക്ലാസ് പ്രവർത്തനങ്ങൾക്കൊപ്പം | | |
| | ഗണിത ഗെയിമുകളിൽ | | | |

# മേഖല - അക്കാദമികം

## ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഇംഗ്ലീഷ് അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും കുട്ടികളിൽ എത്തിക്കുന്നതിന് ലെറ്റർ കാർഡ് തുടങ്ങിയ ഉപാധികൾ ഉപയോഗപ്പെടുത്തുന്നു. | 1 മാസം | ക്ലാസ് ടീച്ചർ | 500 |
| എഴുതുവാനും വായിക്കുവാനും ഉള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിന് | ചിത്രങ്ങളുടെ സഹായത്തോടെയും കുട്ടിക്കഥകൾ പറയുന്നതിലൂടെയും ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്തി ഉച്ചാരണശുദ്ധി വരുത്തുന്നതിനും മുൻതൂക്കം നൽകുന്നു | 2 മാസം | ഐ.ടി. അധ്യാപിക, ക്ലാസ് ടീച്ചർ | 1000 |
| കൂടുതൽ പദങ്ങൾ പരിചയപ്പെടുന്നതിന് | വേഡ് കാർഡ്, വേഡ് ഗെയിംസ് തുടങ്ങിയവ ഉപയോഗപ്പെടുത്തി ക്ലാസ് മുറിയിലെയും ചുറ്റുപാടുമുള്ളതുമായ വാക്കുകൾ പരിചയപ്പെടുത്തുന്നു. വാക്കുകൾ ഉറയ്ക്കുന്നതിനായി ക്വിസ് മത്സരങ്ങൾ നടത്തുന്നു. | ഒക്ടോബർ നവംബർ | അധ്യാപിക | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രം നിരീക്ഷിച്ച് കഥ പറയലും എഴുതലും | ചെറിയ ചിത്രങ്ങളുടെ സഹായത്തോടെ അടിക്കുറിപ്പുകൾ തയ്യാറാക്കുകയും എഴുതുകയും ചെയ്യുന്നു. (ടീച്ചറുടെ സഹായത്തോടെ) | ആഴ്ചയിൽ 2 ദിവസം (1 മണിക്കൂർ) | അധ്യാപിക | 500 |
| കഥാപൂരണം | നൽകിയിരിക്കുന്ന കഥയുടെ അടിസ്ഥാനത്തിൽ ബാക്കി കഥ പൂരിപ്പിക്കൽ. ഇതിലൂടെ ആശയവ്യക്തതയും സർഗ്ഗാത്മക കഴിവുകളും വർദ്ധിക്കാൻ സഹായിക്കുന്നു. | ആഴ്ചയിൽ 2 ദിവസം (1 മണിക്കൂർ ഉയർന്ന ക്ലാസ്സിൽ) | ക്ലാസ് അധ്യാപിക | 250 |
| റിവ്യൂ റൈറ്റിംഗ് | ഏതെങ്കിലും ചെറിയ കഥകൾ വായിക്കുകയും അതിനെകുറിച്ച് കുറിപ്പെഴുതുകയും ചെയ്യുന്നു. | ആഴ്ചയിൽ 3 ദിവസം | അധ്യാപിക | 250 |
| പൊതുവിജ്ഞാനം വളർത്തുന്നതിനും പദപരിചയത്തിനും ന്യൂസ് പേപ്പർ വായന. കുട്ടിയെ മികച്ചവായനക്കാരാക്കുക | പത്രവായനയിലൂടെ കുട്ടികളിൽ അറിവ് വർദ്ധിക്കുകയും പദപരിചയം നടത്താൻ സാഹചര്യമൊരുക്കുകയും ചെയ്യുന്നു. | ആഴ്ചയിൽ 3 ദിവസം | അധ്യാപിക പി.ടി.എ. | 300 |
| | കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് ചിത്രകഥാപുസ്തകങ്ങൾ നൽകുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | കൂടാതെ ക്ലാസ് ലൈബ്രറി തയ്യാറാക്കി കുട്ടികളെ ഗ്രൂപ്പുകൾ ആയി തിരിച്ച് പുസ്തകങ്ങൾ വായിക്കാനുള്ള അവസരം ഒരുക്കുന്നു. | ആഴ്ചയിൽ 4 പിരീഡ് | അധ്യാപിക<br>പി.ടി.എ. | 1000 |
| സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തൽ | സ്കൂൾ ലൈബ്രറിയുടെ നവീകരണത്തോടൊപ്പം കൂടുതൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്യുന്നു. | ഡിസംബർ | അധ്യാപിക<br>പി.ടി.എ.<br>ഒ.എസ്.എ. | 1500 |
| ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | വായിച്ച പുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ വായനാകുറിപ്പ് തയ്യാറാക്കൽ.<br>കഥയുടെ/കവിതയുടെ ആശയവും ഭംഗിയും സവിശേഷതകളും ഉൾക്കൊള്ളിച്ചുകൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | ജനുവരി | ക്ലാസ് അധ്യാപിക | 1000 |
| റോൾ പ്ലേ അവതരണം | പാഠഭാഗമായും ഒപ്പം ഇന്നത്തെ സമൂഹത്തേയും ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലാസ് മുറിയിൽ റോൾ പ്ലെയ്സ് അവതരിപ്പിക്കൽ | ആഴ്ചയിൽ 1 ദിവസം (തിങ്കൾ) | അധ്യാപിക<br>പി.ടി.എ. | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാടകാവതരണം | സമകാലിക പ്രശ്നങ്ങളെ പാഠഭാഗവുമായി ബന്ധപ്പെടുത്തിയുള്ള നാടകങ്ങൾ രൂപവത്ക്കരിച്ച് അഭിനയിക്കുന്നു. | ആഴ്ചയിൽ 1 ദിവസം | അധ്യാപിക പി.ടി.എ. | 1500 |
| ക്ലബ്ബ് രൂപീകരണം | സ്ക്കൂളിലും വീട്ടുപരിസരത്തും ഇംഗ്ലീഷ് ഭാഷാ ക്ലാസ്സുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ചെയ്യുക. (നാടകാവതരണം, റോൾ പ്ലേ തുടങ്ങിയവ) | ഫെബ്രുവരി | SRG PTA OSA | 1000 |
| ഇംഗ്ലീഷുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാരുമായി ഇന്റർവ്യൂ എടുക്കുക. | Speaking skill, Question making തുടങ്ങിയവ മനസ്സിലാക്കുന്നതിന് ഇത് വഴിയൊരുക്കുന്നു. | മാസത്തിൽ ഒരു ദിവസം | പൊതുപ്രവർത്തകർ | 2000 |
| സംവാദം നടത്തൽ | സമകാലിക പ്രാധാന്യമുള്ളതും എന്നാൽ ലളിതവുമായ വിഷയങ്ങളെക്കുറിച്ച് ക്ലാസ് മുറികളിലും പൊതുവായും സംവാദങ്ങളും ചർച്ചകളും ഏർപ്പെടുത്തുന്നു. | മാസത്തിൽ 1 ദിവസം | അധ്യാപിക | 1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാഗസിൻ തയ്യാറാക്കൽ | ഓരോ ക്ലാസ്സിലും കുട്ടികളുടെ കലാപരമായ കഴിവുകൾ ഉപയോഗപ്പെടുത്തി ക്ലാസ് മാഗസിനുകൾ തയ്യാറാക്കുന്നു. കഥ, കവിത, ആസ്വാദനക്കുറിപ്പ്, ചിത്രങ്ങൾ, വായനാകുറിപ്പ് തുടങ്ങിയവ ഉൾപ്പെടുത്താം. കൂടാതെ സ്കൂളിലെ ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ മാഗസീനും തയ്യാറാക്കുന്നു. | ഫെബ്രുവരി | SRG<br>അധ്യാപകർ | 2000 |
| മത്സരങ്ങൾ നടത്തൽ | കഥ, രചന, കവിതാരചന, വായനാമത്സരങ്ങൾ തുടങ്ങിയവ നടത്തുന്നതിലൂടെ കുട്ടികളിലെ താൽപര്യവും പേടിയും അകറ്റുന്നതിനും നന്നായി എഴുത്തും വായനയും ഉറയ്ക്കുകയും ചെയ്യുന്നു. | ആഴ്ചയിൽ 1 ദിവസം | അധ്യാപകർ | 500 |
| ദിനാചരണങ്ങളുടെ ഭാഗമായി പ്രസംഗവും കുറിപ്പും തയ്യാറാക്കൽ, ക്വിസ് മത്സരങ്ങൾ നടത്തൽ | ദിനാചരണങ്ങളുടെ ഭാഗമായി അതുമായി ബന്ധപ്പെടുത്തി കുറിപ്പും പ്രസംഗവും കുട്ടികൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. കൂടാതെ ക്വിസ് മത്സരങ്ങൾ നടത്തുന്നതിലൂടെ കൂടുതൽ അറിവ് ലഭിക്കുകയും ചെയ്യുന്നു. | അതാതു ദിവസങ്ങളിൽ | PTA<br>OSA<br>അധ്യാപിക | 1000 |
| ഇംഗ്ലീഷ് ഫെസ്റ്റ് നടത്തൽ. | സ്ക്കൂളിലെ എല്ലാ കുട്ടികളേയും ഉൾപ്പെടുത്തിക്കൊണ്ട് ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. കുട്ടികളുടെ actvities, skit, drama, action songs, story telling തുടങ്ങിയവ ഉൾക്കൊള്ളിക്കുന്നു. | മാർച്ച് ആദ്യവാരം | BRC<br>OSA<br>PTA<br>അധ്യാപകർ | 3000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ICT സാധ്യത ഉപയോഗപ്പെടുത്തൽ | ഇ-വായനയുടെ സാധ്യതകൾ പരിചയപ്പെടുത്തൽ ICT ഉപയോഗപ്പെടുത്തി കളിപ്പെട്ടിയുടെ സഹായത്തോടെ ഭാഷയെ പരിപോഷിപ്പിക്കുന്നു. കൂടാതെ പഠനത്തിനാവശ്യമായ വസ്തുക്കൾ ഇന്റർനെറ്റിന്റെ സഹായത്തോടെ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നു. | ആഴ്ചയിൽ 2 പിരിഡ് | IT അധ്യാപിക ക്ലാസ് ടീച്ചർ | 2000 |
| ഇംഗ്ലീഷ് അസംബ്ലി നടത്തൽ | ഓരോ കുട്ടിയും മാസത്തിലൊരിക്കലെങ്കിലും അസംബ്ലിയുടെ ഭാഗമാകത്തക്കവിധം അസംബ്ലി നടത്തുന്നു. | ആഴ്ചയിൽ 2 ദിവസം ബുധൻ, വെള്ളി | ക്ലാസ് അധ്യാപിക | 500 |
| ഭാഷാപ്രോജക്ടുകൾ തയ്യാറാക്കൽ | ഭാഷയെ കൂടുതൽ മനസ്സിലാക്കുന്നതിനും ഉപയോഗരീതി ഉറപ്പു വരുത്തുന്നതിനുമായി ഭാഷാസംബന്ധിയായ പ്രൊജക്ടുകൾ ചെയ്യുന്നു. | 3 മാസത്തിൽ ഒരു തവണ | SRG അധ്യാപിക | 500 |
| പോസ്റ്റർ, വായനാമൂല, ക്ലിപ് ബോർഡ് തുടങ്ങിയവ തയ്യാറാക്കൽ | ഭാഷയുടെ വിവിധ വൈവിധ്യങ്ങൾ മനസ്സിലാക്കുന്നതിന് | ആഴ്ചയിൽ 1 ദിവസം (തിങ്കളാഴ്ച) | SRG ക്ലാസ് ടീച്ചർ | 1500 |
| ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ നൽകി പരിപോഷിപ്പിക്കൽ | ഭിന്നശേഷിക്കാർക്കുള്ള അധികപ്രവർത്തനങ്ങൾ BRC, IED അധ്യാപകർ എന്നിവരുടെ സഹായത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ആഴ്ചയിൽ 2 ദിവസം | BRC IED അധ്യാപകർ, മറ്റ് അധ്യാപകർ | 1000 |

# മേഖല – അക്കാദമികം

## ഉപമേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസര സൗഹൃദ മനോഭാവം വളർത്തുക | ജൈവവൈവിധ്യപാർക്ക് സ്ഥാപിക്കുക | 1 കൊല്ലം | PTA OSA Teacher, Students, MPTA | 5,000 |
| | ഹെൽത്ത് ക്ലബ്ബ് | 1 കൊല്ലം | | 2,000 |
| | വ്യക്തിശുചിത്വ ശീലങ്ങൾ വളർത്തുക, പരിസരമലിനീകരണം ഒഴിവാക്കാനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാവുക. | 1 കൊല്ലം | കുട്ടികൾ സ്കൂൾ ലീഡർ അധ്യാപകർ രക്ഷിതാക്കൾ | 2,000 |
| ശാസ്ത്രീയമായ വ്യാഖ്യാനം വളർത്തുക | ശാസ്ത്രക്ലബ്ബുകളുടെ പ്രവർത്തനം നല്ല രീതിയിലാക്കുക.<br>ശാസ്ത്രമാഗസിനുകൾ പരിചയപ്പെടുത്തുക. | 1 കൊല്ലം | ഓരോ ക്ലാസിലെയും ലീഡർമാർ, കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ | |
| | പഠനയാത്രകളിലൂടെ നാടിനെപ്പറ്റിയുള്ള അറിവ് വളർത്തുക<br>നാടിന്റെ നേട്ടങ്ങളിൽ പങ്കാളികളാവുക | 6 മാസം | കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ | 5,000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ അവസരങ്ങളുണ്ടാക്കുക | 6 മാസം | കുട്ടികൾ അധ്യാപകർ | 2,000 |
| കുട്ടികളിലുള്ള ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവയെ പരിപോഷിപ്പിക്കുക | സയൻസ് കോർണർ, സയൻസ് ലാബ് | 1 കൊല്ലം | കുട്ടികൾ, അധ്യാപകർ, PTA, BRC | 6,000 |
| | പരിസരക്ലബ്ബിന്റെ പ്രവർത്തനം വഴി പഠനം രസകരമാക്കണം | | | |
| | ദിനാചരണങ്ങൾ, വിദഗ്ധരുടെ ക്ലാസുകൾ എന്നിവ നടത്തുക | 1 കൊല്ലം | കുട്ടികൾ, അധ്യാപകർ, PTA, BRC | 6,000 |
| | ശാസ്ത്രപഠനങ്ങൾ ICT പ്രവർത്തനങ്ങളിലൂടെ പരമാവധി നൽകുക. | | | |
| | ശലഭോദ്യാനം | 1 കൊല്ലം | കുട്ടികൾ, അധ്യാപകർ | |
| | പച്ചക്കറിത്തോട്ടം | 1 കൊല്ലം | കുട്ടികൾ, അധ്യാപകർ | 6,000 |
| | ഔഷധത്തോട്ടം | 1 കൊല്ലം | കുട്ടികൾ, അധ്യാപകർ | |
| | നക്ഷത്രവനം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കലയും ആഘോഷങ്ങളും കേരളീയ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുക | കേരളത്തിലെ കലാരൂപങ്ങൾ, ആഘോഷങ്ങൾ | 6 മാസം | കുട്ടികൾ, അധ്യാപകർ PTA | 5,000 |
| | സംസ്ഥാനങ്ങൾ, ഭാഷ, കലാരൂപങ്ങൾ, ICT സാധ്യതകൾ ഉപയോഗിച്ച് ലോകരാജ്യങ്ങളും, സംസ്ഥാനങ്ങളും ജില്ലകളും അവയുടെ അടിസ്ഥാന വിവരങ്ങളും മനസ്സിലാക്കുന്നു. | 1 മാസം | കുട്ടികൾ, അധ്യാപകർ | |
| | പ്രകൃതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശിഷ്ടാതിഥികളുടെ ക്ലാസ് സംഘടിപ്പിക്കുന്നു. | 1 വർഷം | PTA, MPTA, കുട്ടികൾ, അധ്യാപകർ BRC | 2,000 |
| പഴയ വാഹനങ്ങളും പുതിയ വാഹനങ്ങളും തമ്മിലുള്ള യാത്രാസൗകര്യങ്ങൾ | പഴയവാഹനങ്ങളുടെയും, പുതിയ വാഹനങ്ങളുടെയും സാമ്യവ്യത്യാസങ്ങളും സഞ്ചാരരീതികളും മനസ്സിലാക്കുന്നു | 1 മാസം | കുട്ടികൾ, അധ്യാപകർ | 1,000 |
| ജീവികളെ കരയിൽ ജീവിക്കുന്നവ, ജലത്തിൽ ജീവിക്കുന്നവ, കരയിലും ജലത്തിലും ജീവിക്കുന്നവ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു | ജീവികളെ അവയുടെ അനുകൂലനങ്ങൾക്കനുസരിച്ച് പട്ടികപ്പെടുത്താം | 1 മാസം | കുട്ടികൾ, അധ്യാപകർ | 1,000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജലത്തിന്റെ ആവശ്യകത | ജലത്തിന്റെ ഉപയോഗവും പ്രാധാന്യവും വ്യക്തമാക്കുന്നു | 1 കൊല്ലം | അധ്യാപകർ<br>കുട്ടികൾ<br>PTA | 500 |
| വീടിന്റെ ആവശ്യകത | വീടിന്റെ ആവശ്യകതയെകുറിച്ചും വീട്ടിലെ മുറികളെക്കുറിച്ചും പലതരം വീടുകളെക്കുറിച്ചും വ്യക്തമാക്കുന്നു. | 3 മാസം | അധ്യാപകർ<br>കുട്ടികൾ<br>PTA | 1,000 |
| ശുചിത്വം | വ്യക്തിശുചിത്വവും പരിസരശുചിത്വവും, ശുചിത്വശീലങ്ങൾ, ശുചീകരണ ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു. | 1 കൊല്ലം | അധ്യാപകർ<br>കുട്ടികൾ<br>PTA | 2,000 |

# മേഖല - അക്കാദമികം

## ഉപമേഖല - ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹെൽത്ത് ക്ലബ്ബ് രൂപീകരിക്കൽ | മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികളെ ലീഡർമാരാക്കി സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ഗ്രൂപ്പുകൾ തിരിച്ച് ഹെൽത്ത് ക്ലബ് രൂപീകരണം നടത്തുന്നു. ചുമതലകൾ വിഭജിച്ചു നൽകുന്നു. | ജൂൺ ആദ്യവാരം | കുട്ടികൾ<br>അധ്യാപകർ | |
| ലഹരി വിരുദ്ധ മനോഭാവം വളർത്തൽ | ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽനിന്ന് ഒഴിവാക്കാനും അവയ്ക്കെതിരായ മനോഭാവം വളർത്താനുമുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കൽ | ജൂൺ, ജൂലായ് | കുട്ടികൾ<br>അധ്യാപകർ<br>PTA<br>BRC | 500 |
| പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കൽ | സ്കൂൾതല ആരോഗ്യ വിദ്യാഭ്യാസം - മാർഗരേഖ തയ്യാറാക്കൽ<br><br>പ്രചാരണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, വിദഗ്ദ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കൽ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ സംസ്കരണം, ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ | ആഗസ്റ്റ് | അധ്യാപകർ<br>BRC<br>SRG<br>OSA | 1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പോഷകാഹാരം ഉറപ്പാക്കൽ | പാചകപ്പുര ആധുനികവത്ക്കരിക്കൽ<br>കുട്ടികൾക്ക് മെസ് ഹാൾ, ആവശ്യമായ പാത്രങ്ങൾ എന്നിവ ഉറപ്പാക്കൽ<br>പ്രഭാത ഭക്ഷണം നൽകൽ<br>പച്ചക്കറികൾ കൃഷിചെയ്ത് ഭക്ഷണത്തിന് ഉപയോഗപ്പെടുത്തൽ<br>പോഷകാഹാരത്തിന്റെ ആവശ്യകത - രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നതിന് ക്ലാസ് നടത്തൽ, പുകയില്ലാത്ത അടുപ്പ്, ഗ്യാസ് അടുപ്പ് എന്നിവ സ്ഥാപിക്കൽ | ഒരു വർഷം | അധ്യാപകർ<br>BRC<br>SDC<br>OSA | 50,000 |
| ശുചിമുറി സ്ഥാപിക്കൽ | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റുകൾ നിർമ്മിക്കൽ<br>ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകളുടെ നിർമ്മാണം | ഒരു വർഷം | BRC<br>SDC<br>OSA | 1,00,000 |
| ടോയ്‌ലറ്റ് നിർമ്മിക്കൽ | ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള ടോയ്‌ലറ്റ് നിർമ്മിക്കൽ | 3 മാസം | BRC<br>PTA | 50,000 |

## മേഖല - അക്കാദമികം

### ഉപമേഖല - കല - കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യക്തിത്വവികസനം | **കലാപഠനം** | ആഴ്ച യിൽ ഒരി ക്കൽ | അധ്യാപകർ | 10,000 |
| | നാടൻപാട്ട് | | PTA | |
| | മ്യൂസിക് ക്ലബ്ബ് രൂപീകരണം | | | |
| | പ്രശസ്ത ഗായകരുടെ നാടൻ പാട്ട് അവതരണവും, കുട്ടി കളെ പരിശീലിപ്പിക്കലും | | | |
| | മിനി ഓഡിറ്റോറിയം | | SDC | |
| | **കവിത** | | | |
| | ഇന്റർനെറ്റ് സഹായത്തോടു കൂടി പ്രശസ്ത കവികളുടെ കവിതകൾ കേൾപ്പിക്കൽ | | | 2,000 |
| | പ്രശസ്ത കവികളുമായുള്ള അഭിമുഖം | 1 വർഷം | അധ്യാപകർ | |
| | മത്സരങ്ങൾ സംഘടിപ്പിക്കൽ | | PTA | |
| | **കഥ** | | | |
| | സ്കൂൾ ലൈബ്രറി വിപുലീക രണം | 1 വർഷം | | |
| | കഥകേൾക്കാൻ അവസരങ്ങൾ | | OSA, Teachers, PTA | 2,000 |
| | കഥാപുസ്തക പരിചയം നട ത്തൽ | | | |
| | കഥാരചന, കഥാകഥനം എന്നീ മത്സരങ്ങൾ സംഘടിപ്പിക്കൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന് യോജിച്ച ഉത്തമ പൗരനെ വാർത്തെടുക്കൽ | **നാടകം**<br>വിവിധ നാടകങ്ങളുടെ അവതരണം<br>ബാലനാടകങ്ങൾ അഭ്യസിപ്പിക്കൽ<br>നാടക ക്യാമ്പുകൾ സംഘടിപ്പിക്കൽ<br>തെരുവു നാടകങ്ങൾ അവതരിപ്പിക്കൽ<br>പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ലഘുനാടകങ്ങൾ തയ്യാറാക്കി അവതരിപ്പിക്കൽ | 1 വർഷം | OSA<br>SDC<br>BRC | 5000 |
| | **സംഗീതം**<br>സംഗീതക്കച്ചേരി കേൾപ്പിക്കൽ<br>സംഗീതം പരിശീലിപ്പിക്കൽ<br>സംഗീതാധ്യാപകന്റെ സേവനം ലഭ്യമാക്കൽ | | | 3000 |
| മാനസിക ഉല്ലാസവും, മാനസിക വളർച്ചയും | **കൊട്ട്**<br>കൊട്ട് പരിശീലിപ്പിക്കൽ, വാദ്യോപകരണങ്ങൾ, പരിശീലകൻ എന്നിവ സ്കൂളിൽ ലഭ്യമാക്കൽ | | PTA<br>OSA<br>BRC | 5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാരീരിക വളർച്ച | **നൃത്തങ്ങൾ**<br>നൃത്തമണ്ഡപം തയ്യാറാക്കൽ<br><br>നൃത്താധ്യാപികയുടെ സേവനം ലഭ്യമാക്കൽ വിവിധ കലാപ്രകടനങ്ങളുടെ പരിശീലനവും അവതരണവും | 1 വർഷം | SSA<br>SDC | 50,000 |
| | **കായികം**<br><br>**യോഗ**<br><br>യോഗപരിശീലനം നൽകൽ | | BRC<br>SDC | 2,000 |
| | **ഡ്രില്ലും പരേഡും**<br>കായികാധ്യാപകന്റെ സേവനം ലഭ്യമാക്കൽ<br><br>മാസ് ഡ്രിൽ<br><br>കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ<br><br>നീന്തൽ പരിശീലനം | | | 5,000 |
| | **സ്പോർട്സ് & ഗെയിംസ്**<br>മൈതാനം സജ്ജമാക്കൽ, സ്പോർട്സ്, ഗെയിംസ് പ്രവർത്തനങ്ങൾ പരിശീലിപ്പിക്കൽ | | PTC<br>Sports Clubs | 50,000 |